*To DBI TVM-24.07.2014*

# ദീപസ്തംഭം മഹാശ്ചര്യം, നമുക്കും കിട്ടണം പണം

**എ.കെ.ഉണ്ണികൃഷ്ണൻ**
**ജനറൽ സെക്രട്ടറി, കെ എസ് ടി എ**

അവസാനം എല്ലാം ശാന്തം. പ്ലസ്ടു സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിൽ യു ഡി എഫിനകത്തുള്ള തർക്കങ്ങളും മാരത്തോൺ ചർച്ചകളും അവസാനിച്ചു. അപേക്ഷിച്ച എല്ലാ മാനേജുമെന്റുകൾക്കും പ്ലസ്ടു സ്കൂളുകളോ ബാച്ചുകളോ അനുവദിച്ചുകിട്ടി.

സംസ്ഥാനത്ത് 699 പ്ലസ്ടു ബാച്ചുകളാണ് പുതിയതായി അനുവദിച്ചത്. പ്ലസ്ടു സ്കൂളുകളിലല്ലാത്ത പഞ്ചായത്തുകളിലെ 131 ഹൈസ്കൂളുകൾ ഹയർസെക്കന്ററിയായി ഉയർത്തി ഓരോ ബാച്ചുകൾ അനുവദിച്ചു. സർക്കാർ മേഖലയിൽ 43 ഉം എയ്ഡഡ് മേഖലയിൽ 88 ഉം സ്കൂളുകളാണ് അനുവദിച്ചത്. അതുകൂടാതെ എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ 18 സർക്കാർ സ്കൂളുകളും 77 എയ്ഡഡ് സ്കൂളുകളും പുതുതായി അനുവദിച്ചു. 699 കൂടിയാകുമ്പോൾ ആകെ 7277 ബാച്ചുകൾ മൊത്തം സംസ്ഥാനത്തുണ്ടാകും. 35000 സീറ്റുകൾ മൊത്തത്തിൽ വർദ്ധിക്കും. ശാസ്ത്രീയമായ ഒരു പരിശോധനയുടെയും അടിസ്ഥാനത്തിലല്ലാതെ ഇത്രയധികം ബാച്ചുകളും സ്കൂളുകളും അനുവദിച്ചത് ദൂരവ്യാപകമായ പ്രത്യാഘാതമാണ് ഈ മേഖലയിൽ സൃഷ്ടിക്കപ്പെടുക. പലതും അനുവദിക്കപ്പെട്ടത് സാമുദായികവും രാഷ്ട്രീയവുമായ പരിഗണനയുടെ അടിസ്ഥാനത്തിലാണ്. മാനേജുമെന്റിന്റെ ശക്തമായ സമ്മർദ്ദം സ്കൂളുകൾ അനുവദിച്ചതിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടുണ്ട്. മാനേജുമെന്റിന്റെ സമ്മർദ്ദത്തിനുമുന്നിൽ എല്ലാ എതിർപ്പുകളും അലിഞ്ഞില്ലാതെയായി. മലബാർ മേഖലയിലെ കുട്ടികൾക്ക് പ്ലസ്ടു പഠനത്തിന് അവസരമൊരുക്കാനെന്ന പേരിലാണ് പുതിയ വിദ്യാലയങ്ങളും ബാച്ചുകളും അനുവദിച്ചത്. ഒരുലക്ഷത്തിലധികം സീറ്റുകൾ കുറവാണെന്ന കാര്യം ഉയർത്തിപ്പിടിച്ചു മലബാറിനോടുള്ള അവഗണന അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് ചില പ്രാദേശിക വാദക്കാരും നിക്ഷിപ്ത താൽപര്യക്കാരും മുന്നോട്ടുവന്നു. കുട്ടികൾക്ക് പഠിക്കാനവസരമുണ്ടാകണമെന്നത് ശരിയാണെങ്കിലും മൂടിവെക്കപ്പെട്ട ചില വസ്തുതകൾ ഉണ്ട്. എസ് എസ് എൽ സി പാസ്സായി വരുന്ന കുട്ടികൾക്ക് പഠിക്കാൻ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളും, ഐ ടി ഐകളും പോളിടെക്നിക്കുകളുമുണ്ടെന്നും അവയിൽ തൊണ്ണൂറ്റെട്ടായിരത്തിലധികം സീറ്റുകളുണ്ടെന്ന കാര്യവും വിസ്മരിക്കപ്പെട്ടു. എസ് എസ് എൽ സി പാസ്സാവുന്ന എല്ലാ കുട്ടികളും ഉപരിപഠനത്തിന് ഹയർസെക്കന്ററിയെ ആശ്രയിക്കുന്നില്ലെന്നതാണ് വസ്തുത. ഉപരിപഠനത്തിനും തൊഴിൽപരവുമായ സാധ്യതകളുള്ള വൊക്കേഷണൽ ഹയർസെക്കന്ററിയിൽ ഇരുപത്തറായിരത്തിലധികം സീറ്റുകളുണ്ടെന്നത് കാണാതിരുന്നുകൂടാ. മലബാറിലെ സീറ്റുകുറവിന്റെ പേരിൽ കണ്ണീരൊഴുക്കിയവർ കൃത്യമായ പരിശോധനയില്ലാടെ മറ്റു പ്രദേശങ്ങളിലും പുതിയ സ്കൂളുകൾ അനുവദിച്ചിരിക്കുന്നു. പ്രാദേശികമായ അസന്തുലിതാവസ്ഥ പരിഹരിക്കപ്പെട്ടിട്ടില്ല.

കഴിഞ്ഞവർഷം സംസ്ഥാനത്തെ വിവിധ ഹയർസെക്കന്ററി സ്കൂളുകളിലും ബാച്ചു

കളിലും കുട്ടികളുടെ എണ്ണക്കുറവ് അനുഭവപ്പെട്ടു. ചില ബാച്ചുകൾ നിറുത്തലാക്കുകയോ സംയോജിപ്പിക്കുകയോ ചെയ്യേണ്ടിവന്നു. 35000 സീറ്റുകൾകൂടി ഈ മേഖലയിൽ പുതിയതായി അനുവദിക്കപ്പെടുമ്പോൾ യു ഡി എഫ് സർക്കാരിന്റെ ഭാഷയിൽ പറഞ്ഞാൽ 'അൺ എക്കണോമിക്' ആവുന്ന ബാച്ചുകളുടെ എണ്ണം കൂടും. 25 കുട്ടികളെങ്കിലും ഇല്ലാത്ത ബാച്ചുകളെയാണ് അനാദായകരമെന്ന് കണക്കാക്കുന്നത്. ഹയർസെക്കന്ററി മേഖലയിലെ മുൻ വർഷങ്ങളിലെ തസ്തികാ നിർണയം സംബന്ധിച്ച് ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന റിപ്പോർട്ടുപ്രകാരം കുട്ടികളുടെ കുറവുമൂലം തസ്തികകളില്ലാത്തതിനാൽ വാങ്ങിയ ശമ്പളം തിരിച്ചടക്കേണ്ട അവസ്ഥയിലാണ് പല അധ്യാപകരും. ഹയർസെക്കന്ററി മേഖലയിൽ ജോലി ചെയ്യുന്ന ഭാഷാധ്യാപകർക്കാണ് ഇത്തരമൊരവസ്ഥയുണ്ടായത്. പൊതുവിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ എണ്ണക്കുറവുമൂലം 12000 ലധികം അധ്യാപകർ തസ്തിക നഷ്ടപ്പെട്ട് പുറത്തുപോകുന്ന അവസ്ഥ നമ്മുടെ മുന്നിലുണ്ട്. വിദ്യാലയങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ ശാസ്ത്രീയമായ സമീപനം സ്വീകരിക്കാത്തതിന്റെയും സമാന്തര വിദ്യാഭ്യാസ മേഖലയ്ക്ക് അകമഴിഞ്ഞ പ്രോത്സാഹനം നൽകിയതിന്റയും ഫലമായിട്ടാണ് ഇത്തരമൊരവസ്ഥ സംജാതമായത്. ഹയർസെക്കന്ററി മേഖലയിൽ ഭാവിയിൽ സംഭവിക്കാനിരിക്കുന്നതും ഇതു തന്നെയാണ്. ജോലി സുരക്ഷാ പ്രശ്നം ഹയർസെക്കന്ററി അധ്യാപകരെ ഗുരുതരമായി ബാധിക്കും.

പുതിയ സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ അധ്യാപക ബാങ്കിൽ നിന്നും യോഗ്യമായവരെ നിയമിക്കുമെന്നും മാനേജുമെന്റ് സ്കൂളുകളിൽ താല്കാലികാടിസ്ഥാനത്തിൽ ഗസറ്റ് അധ്യാപകരെ നിയമിക്കുമെന്നുമുള്ള പ്രഖ്യാപനം തികച്ചും അപ്രായോഗികമാണ്. വിമർശകരുടെ കണ്ണിൽ പൊടിയിടാനുള്ള തന്ത്രമാണ്. മാനേജുമെന്റ് സ്കൂളുകളിൽ നിന്നും തസ്തിക നഷ്ടപ്പെട്ട് പുറത്താവുന്നവരെ സർക്കാർ സ്കൂളുകളിൽ നിയമിക്കുന്നത് വലിയ എതിർപ്പ് ക്ഷണിച്ചുവരുത്തും. ഇങ്ങനെ നിയമിക്കപ്പെടുന്നവർക്ക് അവർ ഇപ്പോൾ വാങ്ങുന്ന വേതനമാണോ അതോ ഹയർസെക്കന്ററിയിലെ വേതനമാണോ നല്കുക എന്ന പ്രശ്നവും ഉയർന്നുവരും. അധ്യാപക ബാങ്ക് ഇപ്പോഴും അപൂർണമായ ഒരു സങ്കൽപമായി നിലനിൽക്കുന്ന സാഹചര്യത്തിൽ. എയ്ഡഡ് സ്കൂളുകളിൽ ഗസ്റ്റ് അധ്യാപകരെ എല്ലാക്കാലത്തും നിലനിർത്താൻ പറ്റുമോ.? മാനേജർമാർ മുപ്പതും നാല്പതും ലക്ഷം മുൻകൂറായി വാങ്ങിയവരെത്തന്നെ തല്കാലം ഗസ്റ്റ് അധ്യാപകരായി നിയമിക്കുകയും പിന്നീട് മുൻകാല പ്രാബല്യത്തോടെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്ന സമ്പ്രദായം പണ്ടത്തെപ്പോലെ ഇപ്പോഴും ആവർത്തിക്കപ്പെടും. വിഡ്ഢികളാക്കപ്പെടുന്നത് പുതിയ തസ്തികയില്ലെന്നു മുഖ്യമന്ത്രിയുടെ പ്രഖ്യാപനം കേട്ട് ആശ്വസിക്കുന്ന പാവം ജനംമാത്രം.

സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ മേഖലയ്ക്കു നല്കിവന്ന മുൻഗണന ഇല്ലാതാവുകയാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സർക്കാർ മേഖലയ്ക്കാണ് മുൻഗണന നല്കിയതെങ്കിൽ യു ഡി എഫ് ഗവൺമെന്റ് കൂടുതലും എയ്ഡഡ് മേഖലയിലാണ് വിദ്യാലയങ്ങൾ അനുവദിച്ചത്. 225 പുതിയ വിദ്യാലയങ്ങളിൽ 60 എണ്ണം മാത്രമാണ് സർക്കാർ മേഖലയിൽ 165 എണ്ണവും സ്വകാര്യമേഖലയിലാണ്. കോടി

ക്കണക്കിന് രൂപയാണ് മാനേജുമെന്റുകൾ അധ്യാപക നിയമനത്തിലൂടെയും വിദ്യാർത്ഥി പ്രവേശനത്തിലൂടെയും സമ്പാദിക്കാൻ പോകുന്നത്.

പ്ലസ്വൺ പ്രവേശനം ഏകജാലക സമ്പ്രദായത്തിലൂടെയാണ് ഇതുവരെ നടന്നു വന്നത്. പ്രവേശനത്തിൽ മുൻകാലങ്ങളിൽ നിലനിന്നിരുന്ന ക്രമക്കേടുകൾ ഒഴിവാക്കാനും സാമൂഹ്യനീതിയും അവസരസമത്വവും പാലിക്കാനും സംവരണം ഉറപ്പാക്കാനും ഏകജാലക സംവിധാനത്തിന് കഴിഞ്ഞിരുന്നു. ഏകജാലക സമ്പ്രദായം ആരംഭിച്ച അന്നുമുതൽ അതിനെ എതിർത്തുപരാജയപ്പെടുത്താൻ ശ്രമിച്ച ശക്തികൾക്കനുകൂലമായാണ് പുതിയ വിദ്യാലയങ്ങളിൽ നേരിട്ടപേക്ഷിക്കാമെന്ന് സർക്കാർ തീരുമാനമെടുത്തത്. ഈ വർഷം രണ്ടുതവണ മാത്രം അലോട്ട്മെന്റ് നടത്തിയതിന്റെ ഫലമായി നിരവധി വിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെട്ട ഓപ്ഷൻ ലഭിക്കാതെപോയ സ്ഥിതിയുണ്ട്. സപ്ലിമെന്ററി അലോട്ട്മെന്റ് എത്രമാത്രം പ്രായോഗികമാവും എന്ന ആശങ്കയും നിലനിൽക്കുന്നു. വിദ്യാർത്ഥികൾ നേരിട്ടു അപേക്ഷ നൽകുകയും പ്രവേശനം നടത്തുകയും ചെയ്യുമ്പോൾ നീതിപൂർവകമാവില്ലെന്ന ആശങ്കയുണർന്നിരിക്കുന്നു. സംവരണതത്വം അട്ടിമറിക്കപ്പെടാനാണ് സാധ്യത. മാനേജുമെന്റുകൾക്ക് വിദ്യാർത്ഥികളിൽ നിന്നും വലിയ തുക അഡ്മിഷനു വേണ്ടി ഈടാക്കുവാനുള്ള സാഹചര്യവും സൃഷ്ടിക്കപ്പെടും. പ്ലസ്വൺ അഡ്മിഷൻ ലഭിക്കാതെ പോയതിൽ മനംനൊന്ത് ആത്മഹത്യ ചെയ്ത തിരുവനന്തപുരം കുറ്റിച്ചൽ പഞ്ചായത്തിലെ ഗായത്രി എന്ന പെൺകുട്ടിയെ നാം ഇവിടെ ഓർക്കണം. ആ പെൺകുട്ടിയോട് മാനേജ്മെന്റ് ഒരുസീറ്റിന് ആവശ്യപ്പെട്ടത് 30000 രൂപയാണ്.

പൂർണമായും കച്ചവട ലോബിക്കു വഴങ്ങി തീരുമാനങ്ങളെടുക്കുമ്പോൾ പൊതുവിദ്യാഭ്യാസ മേഖലയിലും സാമൂഹിക രംഗത്തും വരുത്തിവെക്കുന്ന ദുരന്തങ്ങൾ കാണാൻ ഭരണാധികാരികൾ തയ്യാറാവണം. ഭരണാധികാരികളുടെ കണ്ണുതുറപ്പിക്കാൻ വിപുലമായ പ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്.